SDOF SUNDAY

Vol. 01 No. 06 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 June 28

കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വിശ്വാസത്തിന്റെയും സാക്ഷ്യത്തിന്റെയും പ്രബോധനത്തിന്റെയും ആത്മീയ സന്ദേശം ഉൾക്കൊള്ളുന്ന ടൈറ്റിൽ സോങ്ങിന്റെ പ്രകാശനച്ചടങ്ങ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തെങ്ങണ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നിർവ്വഹിച്ചു. ഗാനരചനയും സംഗീതവും: ഫാ. ജിജി മാത്യു വാകത്താനം, ആശിഷ് പുന്നൂസ്, ബ്രിസ്ബേൻ, ഓസ്ട്രേലിയ

St. Dionysius Orthodox Fellowship, Kuwait, Ahmadi Pazhayapally യൂണിറ്റിന്റെ ഉത്ഘാടനവും, ലോഗോ പ്രകാശനവും അലക്സിയോസ് മാർ യൗസേബിയോസ് നിർവഹിച്ചു. പഴയപള്ളി യൂണിറ്റിന്റെ പുതിയ ഭാരവാഹികളായി ഐസക് മാത്യു വൈസ് പ്രസിഡന്റ്, ബോബൻ ജോൺ സെക്രട്ടറി, ഇവാൻസ് കോശി ട്രഷറർ, ബിൻസി ഐസക്ക് ജോയിന്റ് സെക്രട്ടറി എന്നിവരെ യോഗം തിരഞ്ഞെടുത്തു

SDOF SUNDAY അഞ്ചാം പതിപ്പ് തുമ്പമൺ മർത്തമറിയം ഭദ്രാസന ദേവാലയത്തിൽ വെച്ച് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം പ്രകാശനം ചെയ്യുന്നു. സഭാ മാനേജിംഗ് കമ്മറ്റി അംഗവും ഭദ്രാസന ദേവാലയ വികാരിയുമായ ഫാ. ജിജി സാമുവേലും, ദേവാലയത്തിലെ SDOF യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും സമീപം.



പൗലോസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ: SDOF നിത്യസ്മൃതി സംഗമം ജൂലൈ 5-ന്

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവായുടെ അഞ്ചാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) സംഘടിപ്പിക്കുന്ന 'നിത്യസ്മൃതി' അനുസ്മരണ സമ്മേളനം ജൂലൈ 5-ന് ഉച്ചയ്ക്ക് 2 മണിക്ക് കോട്ടയം ദേവലോകം അരമന ഓഡിറ്റോറിയത്തിൽ നടക്കും.

സമ്മേളനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിക്കും. നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ്സ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും.

ആറന്മുള എംഎൽഎ അഡ്വക്കേറ്റ് അബിൻ വർക്കി മുഖ്യസന്ദേശം നൽകും .മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ. പൗലോസ് ദ്വിതിയൻ ബാവാ അനുസ്മരണ പ്രഭാഷണം നടത്തും.

വൈദിക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ , അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകും.

SDOF കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി. മാത്യു, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം, കേന്ദ്ര ട്രഷറാർ അഡ്വ. ഉമ്മൻ ജോൺ, റീജനൽ സെക്രട്ടറി ബോബിൻ മാർക്കോസ് എന്നിവരും കേന്ദ്ര കമ്മറ്റി അംഗങ്ങളും ഭദ്രാസന ഭാരവാഹികളും സമ്മേളനത്തിന് നേതൃത്വം നൽകും.

കോട്ടയം കോട്ടയം സെൻട്രൽ ഇടുക്കി ഭദ്രാസങ്ങൾ ഉൾപ്പെടുന്ന മേഖലയാണ് സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്.

മലങ്കരസഭയിലെ എല്ലാ ഭദ്രാസനങ്ങളിലേയും യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുക്കും.

പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവയുടെ ആത്മീയ ദർശനങ്ങളും സഭയ്ക്കും സമൂഹത്തിനും നൽകിയ സമഗ്ര സംഭാവനകളും അനുസ്മരിക്കുന്നതിനും പുതിയ തലമുറയ്ക്ക് അദ്ദേഹത്തിന്റെ ജീവിതസന്ദേശം പകരുന്നതിനുമാണ് സമ്മേളനം സംഘടിപ്പിക്കുന്നതെന്നും സഭയിലെ വിശ്വാസികളും പരിപാടിയിൽ പങ്കെടുക്കണമെന്നും SDOF ഭാരവാഹികൾ അഭ്യർത്ഥിച്ചു.

SDOF SUNDAY

Vol. 01, No. 06, 2026 June 28

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

6–ാം സങ്കീർത്തനം

അകമെയുള്ള മനുഷ്യന് ലഭിക്കേണ്ട വിശ്വാസത്തിന്റെ വീര്യവും ബോധ്യത്തിന്റെയും ആശ്രിതത്വത്തിന്റെയും കണ്ണുനീരും

7 പശ്ചാത്താപ സങ്കീർത്തനങ്ങളിൽ 6–ാം സങ്കീർത്തനം ഒന്നാമത്തേതായി വ്യാഖാനിക്കുന്നു.

ദാവീദ് തന്റെ മകനായ അബ്ശാലോമിന്റെ കലാപകാലത്ത് ദുർബലനാണെന്ന് വിചാരിച്ച് ശത്രുക്കളാൽ ചുറ്റപ്പെടുകയും, പരീക്ഷിക്കപ്പെടുകയും ചെയ്തപ്പോഴും മാത്രമല്ല കഠിനമായ ശാരീരികവും മാനസികവും ആത്മീയവുമായ ദുരിതങ്ങൾ നേരിടേണ്ടി വന്നപ്പോഴും ദൈവ കരുണയ്ക്കായി നിലവിളിക്കുന്നതാണ് ഇതിലെ ഉള്ളടക്കം.

1. ക്ഷണിക വേദന ഉളവാക്കുന്ന ദൈവീക ശിക്ഷണവും സഹനത്തോടു താദാത്മപ്പെടുന്ന ദൈവീക കരുണയും സങ്കീ. 6:1–3
2. പാപം ആത്മാവിന് കറയും കണ്ണുനീർ ജീവിതത്തിന് വിജയവും സങ്കീ. 6:4–7
3. ശത്രുക്കളുടെ പരാജയവും നിലവിളി കേൾക്കുന്ന ദൈവവും സങ്കീ. 6: 8–10

The tragedy of life is not death but we let die inside of us while we lire.
ജീവിതത്തിന്റെ ദുരന്തം മരണമല്ല മറിച്ച് നമ്മൾ ജീവിച്ചിരിക്കുമ്പോൾ നമ്മുടെ ഉള്ളം മരിക്കുവാൻ അനുവദിക്കുന്നതാണ്.

സങ്കീ 6:6 എന്റെ ഞരക്കം കൊണ്ട് ഞാൻ തകർന്നിരിക്കുന്നു. രാത്രി മുഴുവനും എന്റെ കിടക്കയെ ഒഴുക്കുന്നു. കണ്ണുനീർ കൊണ്ട് ഞാൻ എന്റെ കട്ടിലിനെ നനയ്ക്കുന്നു. 'കണ്ണുനീർ' എന്നതിന്റെ എബ്രായ പദമായി ഉപയോഗിച്ചിരിക്കുന്നത് ദിമാ എന്നതാണ്. കണ്ണുനീർ തുള്ളി തുള്ളിയായി ഒഴുകുക, ഉള്ളിലെ കാഠിന്യം അലിയിച്ചു കളഞ്ഞ്, മറഞ്ഞിരിക്കുന്ന കണ്ണുനീർ ദൈവം കണ്ട് ജീവിത വിജയത്തിലേക്ക് നാം നയിക്കപ്പെടുന്നു എന്നതാണ് അർത്ഥമാക്കുന്നത്.

സെന്റ് അഗസ്റ്റിൻ: ദിമ (കണ്ണുനീർ) വാക്കുകളില്ലാത്ത പ്രാർത്ഥനയായി അവതരിപ്പിച്ച് ദൈവം കണ്ണുനീർ തുള്ളികൾ വരെ എണ്ണുന്നു എന്ന് സ്വാനുഭവത്തിലെ അനന്യതയായി വിവരിക്കുന്നു. മാത്രമല്ല ഹൃദയത്തെ കഠിനമാക്കുന്ന മാനസിക സമ്മർദ്ദം, ലജ്ജ, കോപം ഇവയെല്ലാം തന്നെ കരുണയുടെ നദികളായി മാറുവാൻ ദൈവം കണ്ണുനീരിനെ ആക്കിത്തീർക്കുകയാണ്. ആയതിനാൽ ദൈവത്തിന്റെ കരുണയുടെ വാതിൽ തുറക്കപ്പെടാൻ മാനസാന്തരത്തിന്റെ ആദ്യ ഭാഷയും പടിയുമായ കണ്ണുനീർ നമ്മുടെ ആരാധന വഴിയായി സമർപ്പിക്കാം.

സങ്കീർത്തനം 6:2–ൽ വായിക്കുന്നു യഹോവേ, ഞാൻ തളർന്നിരിക്കുന്നു എന്റെ അസ്ഥികൾ ഭ്രമിച്ചിരിക്കുന്നു. ജീവിതത്തിൽ വന്നുപോയിട്ടുള്ള പാപം സമ്മാനിച്ച ശാരീരിക മാനസിക ബുദ്ധിമുട്ടുകളിൽ നിന്നും അന്തരമില്ലാത്ത യാതനകളിൽ നിന്നും മുക്തി നേടി ദൈവീക കരുണയിലേക്കുള്ള വഴി കണ്ടെത്തേണ്ടത് കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയിലൂടെയായിരിക്കണം.

സങ്കീർത്തനം 6:9, 10 യഹോവ എന്റെ കരച്ചിലിന്റെ ശബ്ദം കേട്ടിരിക്കുന്നു. യഹോവ എന്റെ പ്രാർത്ഥന കൈക്കൊള്ളും.

ദാവീദ് വിശ്വാസത്തിൽ ബലപ്പെട്ട് ദൈവവുമായുള്ള സംസർഗ്ഗത്തിൽ അകമെയുള്ള ചൈതന്യം ആവേശത്തോടെ വർദ്ധിപ്പിച്ചിരിക്കുകയാണ്. ദാവീദിന്റെ കിടക്ക അവന്റെ ബലിപീഠവും തലയിണ സങ്കീർത്തനവുമായി മാറ്റപ്പെട്ടു. സങ്കീ.6:6

വിശുദ്ധ ജോൺ ക്രിസോസ്റ്റം: "ദൈവം വാചാലത ആവശ്യപ്പെടുന്നില്ല കണ്ണുനീർ നിറഞ്ഞ കണ്ണുകളാണ് അവൻ ആവശ്യപ്പെടുന്നത്. മാത്രമല്ല ലോകം കണ്ണുനീരിനെ ബലഹീനത എന്നു വിളിക്കുമ്പോൾ സ്വർഗ്ഗം കണ്ണുനീരിനെ ആരാധന എന്ന് വ്യാഖാനിക്കുകയും മാലാഖമാർ അതിന്റെ ഓരോ തുള്ളിയും ശേഖരിക്കുകയും ചെയ്യുന്നു".

വിശ്വാസജീവിതത്തിൽ അകമെയുള്ള മനുഷ്യനെ പുതുക്കുവാൻ അരാധന വഴിയായി ലജ്ജയില്ലാതെ കരയുവാൻ കഴിഞ്ഞാൽ, അത് സ്വർഗ്ഗത്തിന്റെ ഭാഷയായി മാറ്റപ്പെടും.

❑

സുവിശേഷം – ലോകമെങ്ങും

(പെന്തിക്കോസ്തിക്കുശേഷം ആറാം ഞായർ / മിഷൻ സണ്ടേ)

വി. ലൂക്കോസ് 13:22–35



ഗീവർഗീസ് മാർ പീലക്സിനോസ്

ദൈവം തന്റെ പുത്രനെ അയച്ചതിലും, വി. ത്രിത്വത്തിന്റെ സ്വയവെളിപ്പാടിലും (Missio Dei) ആണ് മിഷന്റെ അടിസ്ഥാനം ദർശിക്കുന്നത്. “എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു” (വി. യോഹ. 20:21) എന്ന വാക്യത്തിൽ ഇതു വ്യക്തമാക്കുന്നു. വി. ത്രിത്വത്തിനുള്ളിലെ മിഷൻ, ചരിത്രത്തിനുള്ളിൽ വ്യാപരിക്കുന്നതാണ് സഭയുടെ മിഷൻ. വി. ത്രിത്വത്തിനുള്ളിലെ മിഷൻ മുഖാന്തരം ദൈവത്തിന്റെ ജീവനിൽ സൃഷ്ടിക്ക് പങ്കാളിത്തം നൽകിയിരിക്കുന്നു. ഇനിയും ഈ പങ്കാളിത്തം സർവ്വസൃഷ്ടിക്കും, കാലത്തിനും അനുഭവവേദ്യമാക്കാനുള്ള ചുമതലയ്ക്കാണ് സഭയുടെ മിഷൻ എന്നു പറയുന്നത്.

സുവിശേഷം ലോകമെങ്ങും

ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം തുടങ്ങുന്നത് ‘അവൻ പട്ടണം തോറും, ഗ്രാമംതോറും സഞ്ചരിച്ച് യെരുശലേമിലേക്ക് യാത്ര ചെയ്തു’ (വാ. 22) എന്നു വായിച്ചുകൊണ്ടാണ്. തന്റെ സുവിശേഷം ലോകമെങ്ങും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് യേശുക്രിസ്തു ജീവിച്ചതും പ്രവർത്തിച്ചതും. യെരുശലേമിൽ തുടങ്ങി, സകല ജാതികളിലും എത്തിക്കുകയായിരുന്നു ലക്ഷ്യം. അതിന്റെ ആരംഭമാണ് അവൻ പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ച് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തത് (വി. മത്തായി 9:35).

തന്റെ സുവിശേഷം ഭൂലോകത്തിൽ എല്ലായിടത്തും എത്തിക്കഴിഞ്ഞു മാത്രമേ അവസാനം വരുകയുള്ളു എന്ന് യേശു ഉദ്ബോധിപ്പിക്കുന്നു (വി. മത്തായി 24:14).

യേശു യെരുശലേമിന്റെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും തുടങ്ങിയ ആ ദൗത്യം തുടരുവാൻ തന്റെ ശിഷ്യന്മാരെ ചുമതലപ്പെടുത്തുകയായിരുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു, ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് നൽകുന്ന ഉപദേശങ്ങളിൽ ശ്രദ്ധേയമായത് ഇതാണ്. ‘ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു’ (വി. മത്തായി 28:19).

സ്വർഗ്ഗാരോഹണ സമയത്ത് കർത്താവ്, ശിഷ്യന്മാർക്ക് നൽകുന്ന സന്ദേശവും ഇതു തന്നെയാണ്. ‘എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും’ (അപ്പോ. പ്ര. 1:8) എന്നു പറഞ്ഞു.

യേശുക്രിസ്തുവിന്റെ നല്ല സാക്ഷികളാകാനുള്ള ഉത്തരവാദിത്വവും കടമയും ഓരോ ക്രിസ്ത്യാനിക്കും ഉണ്ട്. ഓർത്തഡോക്സ് വീക്ഷണത്തിൽ “സാക്ഷ്യം” (മാർട്ടീറിയ) എന്ന പദമാണ് ‘മിഷൻ’ എന്നതിനേക്കാൾ സ്വീകാര്യമായത്. നല്ല സാക്ഷികളായിത്തീരുവാൻ നമുക്ക് സാധിക്കുമെങ്കിൽ, ക്രിസ്തു ആരംഭിച്ച ‘സുവിശേഷം-ലോകമെങ്ങും’ എന്ന നടപടിക്രമത്തിന് പൂർത്തീകരണം ഉണ്ടാകും.

അർഹതയില്ലാത്തവർ തള്ളപ്പെടുന്നു

രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്ന ചോദ്യത്തിന് ഉത്തരമായി കർത്താവ് പറയുന്നത് ‘ഇടുക്കുവാതിലിലൂടെ കടക്കുവാൻ പോരാടുവീൻ; പലരും നോക്കും, കഴിയില്ല താനും’ എന്ന് ഉത്തരം പറഞ്ഞു (വാ. 23, 24).

ജീവങ്കലേക്കും നാശത്തിലേക്കും പോകുന്ന വാതിലുകൾ ഉണ്ട്. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമാണ്. അത് കണ്ടെത്തുന്നവർ ചുരുക്കമാണ്. നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവുമാണ്. അതിൽക്കൂടി കടക്കുന്നവർ അനേകർ ആകുന്നു. വീതിയുള്ളതും വിശാലവുമായ വാതിൽകൂടി യാത്ര ചെയ്യുന്നവർ അനീതി പ്രവൃത്തിക്കുന്നവരാണ്. അനീതി പ്രവൃത്തിക്കുന്നവരെ യേശു ശകാരിക്കുകയും അവരെ തള്ളിക്കളയുകയുമാണ് ചെയ്യുന്നത്. ജീവങ്കലേക്കുള്ള ഇടുക്കവും ഞെരുക്കവുമായ വഴി തെരഞ്ഞെടുത്ത അബ്രഹാമും ഇസഹാക്കും യാക്കോബും സകല

പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നു.

അധർമ്മം പ്രവൃത്തിക്കുന്നവരോട്, നിങ്ങളെ ഞാൻ അറിയുന്നില്ല എന്നും എന്നെ വിട്ടുപോകുവീൻ എന്നും ക്രിസ്തു ശക്തമായി സംസാരിക്കുന്നുണ്ട്. മനുഷ്യരുടെ മുമ്പിൽ യേശുവിനെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ തള്ളിപ്പറയും. മനുഷ്യപുത്രന്റെ നേരെ ഒരു വാക്ക് പറയുന്ന ഏവനോടും ക്ഷമിക്കും, പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോടോ ക്ഷമിക്കയില്ല (വി. ലൂക്കോ. 12:9, 10).

ഹൃദയത്തിൽ അകൃത്യവും അധർമ്മവും ഉള്ളവരെക്കുറിച്ചാണ് കർത്താവ് പറയുന്നത്. ‘നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രെ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത്’ (യെശ. 59:2).

നമ്മുടെ പ്രാർത്ഥനയും കണ്ണുനീരും കർത്താവ് ശ്രദ്ധിക്കണമെങ്കിൽ ഹൃദയത്തിൽ നിന്നും അകൃത്യം തുടച്ചുമാറ്റണം. ‘ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു. എന്നാൽ ദൈവം കേട്ടിരിക്കുന്നു. എന്റെ പ്രാർത്ഥനാശബ്ദം ശ്രദ്ധിച്ചിരിക്കുന്നു’ (സങ്കീ. 66:18, 19).

യെരുശലേമിനെപ്പറ്റിയുള്ള വിലാപം

ദൈവം യിസ്രായേൽ ജനതയെ ജീവനുതുല്യം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തിട്ടും, അവർ ദൈവം അയച്ച പ്രവാചകന്മാരോടും ദൈവപുത്രനായ മശിഹായോടും ചെയ്തതിനെ അതിനിശിതമായി വിമർശിക്കുന്ന ഭാഗം ഇവിടെ ഉണ്ട്. ‘കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ എത്രവട്ടം ചേർത്തുകൊള്ളുവാൻ താൻ മനസ്സായിരുന്നു’ (വാ. 34, 35) എന്നു പറഞ്ഞ് അവരോട് പ്രകടിപ്പിച്ച സ്നേഹവും കരുതലും യേശുക്രിസ്തു പരസ്യമായി വെളിപ്പെടുത്തുന്നു. യെരുശലേം ഭവനങ്ങളെ ശപിക്കുന്നു, ‘നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും’ എന്നുവരെ ശാപവാക്കുകൾ കർത്താവ് ഉരുവിടുന്നു.

ദൈവത്തിന്റെ സ്നേഹവും വാത്സല്യവും ധാരാളമായി അനുഭവിച്ചിട്ടും, ദൈവത്തെ അറിയാത്ത ജനമായി നാം മാറുന്നുണ്ടോ? സ്വയവിമർശനത്തിന് വിധേയമാകേണ്ട സമയമാണിത്.

മിഷൻ സണ്ടേ – എല്ലാ വർഷവും ജൂലൈ മാസം ആദ്യ ഞായറാഴ്ച പ. സഭ മിഷൻ സണ്ടേ ആയി ആചരിക്കുന്നുണ്ട്. ‘ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകുവിൻ’ എന്ന് ശിഷ്യഗണങ്ങളോട് കല്പിച്ച നമ്മുടെ കർത്താവിന്റെ കല്പന അർത്ഥപൂർണ്ണമായി നിറവേറ്റാനുള്ള ഉത്തരവാദിത്തം പ. സഭയ്ക്കുണ്ട്. സഭയുടെ അനേക മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവാനും സഹായിക്കുവാനും നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. ❑

വി. സഭയും വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

ഫാ. ഡോ. ജോസ് ജോൺ

വിശുദ്ധ എന്ന പദം വി. വേദപുസ്തകത്തിൽ ദൈവത്തിനും മനുഷ്യർക്കുമായി ഉപയോഗിച്ചിട്ടുണ്ട്. (ലേവ്യ 11:44, 45, എബ്രാ: 3:1, 1 കോരി. 1:2, 2 കോരി. 13:13) ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ ദൈവജനവും വിശുദ്ധരായിരിക്കണം എന്ന് ദൈവം കല്പിക്കുന്നു. (ലേവ്യ 19:20, 1 പത്രോ. 1:14-16). വേർതിരിക്കപ്പെട്ടവർ, തെരഞ്ഞെടുക്കപ്പെട്ടവർ എന്നീ അർത്ഥതലങ്ങളിൽ ദൈവജനത്തെ മുഴുവനായും വിശുദ്ധർ എന്ന് അഭിസംബോധന ചെയ്യുന്നുണ്ട്. (2 കോരി :1 :1, ഫില : 1 :1, എഫേ :1 :1, 2 തിമോ: 1 :9) ദൈവം ഒരുവനല്ലാതെ നല്ലവനാരുമില്ല എന്ന് ലൂക്കോ : 18 : 19–ൽ പറയുന്നതുപോലെ, ദൈവം ഒരുവനല്ലാതെ സൽഗുണ പൂർണ്ണനായ വിശുദ്ധൻ ആരുമില്ല. വി. കുർബ്ബാനയിലെ ആഘോഷത്തിൽ ഈ സത്യമാണ് നാം ഉൽഘോഷിച്ചു പറയുന്നത്.

"പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല."

ദൈവം ഒരുവൻ മാത്രമാണ് വിശുദ്ധനെന്നും നാമെല്ലാവരും ദൈവത്തിന്റെ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ് എന്നുമുള്ള സത്യമാണ് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. പൗരസ്ത്യ ആദ്ധ്യാത്മികതയിലെ ദൈവീകരണമെന്ന ആശയവും ഈ സത്യത്തെ ഉദ്ഘോഷിക്കുന്നു.

ദൈവം ഏകനും, വിശുദ്ധനും, ദൈവത്തിനും മനുഷ്യനുമിടയിൽ ഏക മദ്ധ്യസ്ഥനായി യേശുക്രിസ്തുവും മാത്രമാണെന്നിരിക്കെ (1 തിമൊ: 2: 5) മറ്റ് വിശുദ്ധന്മാരുടെ സാംഗത്യവും പ്രാധാന്യവും എന്തെന്ന് ചിന്തിക്കുന്ന അനേകർ ഇന്ന് നമുക്കിടയിലുണ്ട്.

ദൈവത്തെ വിശേഷിപ്പിക്കുവാൻ വി. വേദപുസ്തകത്തിൽ ഉപയോഗിച്ച പദങ്ങൾ (ഉദാ: വിശുദ്ധൻ, മദ്ധ്യസ്ഥൻ, പുരോഹിതൻ) മനുഷ്യർക്ക് ഉപയോഗിക്കുന്നതുകൊണ്ട് മനുഷ്യർ ഒരിക്കലും ദൈവത്തിന് തുല്യരാകുന്നില്ല. മനുഷ്യർ തമ്മിൽ പരസ്പരം അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദങ്ങൾ (നീ, നിന്റെ, സഹായി, സ്നേഹിതൻ) ദൈവത്തെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുമ്പോൾ ആ പദങ്ങളുടെ ഉപയോഗം കൊണ്ട് ദൈവത്വത്തിന് യാതൊരു വിശേഷണ കുറവോ, ന്യൂനതയോ കല്പിക്കപ്പെടുന്നില്ല.

ആയതിനാൽ പദങ്ങളുടെ ഉപയോഗം സത്താപരമായി മനുഷ്യനെ ദൈവമോ, ദൈവത്തെ മനുഷ്യനോ ആക്കിത്തീർക്കുന്നില്ല. എന്നാൽ ദൈവത്തിനും മനുഷ്യനും ആ പദങ്ങളുടെ ഉപയോഗം അതിന്റേതായ ശ്രേഷ്ഠതയും, മാഹാത്മ്യവും കല്പിക്കുന്നു.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏക മദ്ധ്യസ്ഥനായി ക്രിസ്തുവുള്ളതുകൊണ്ട് മറ്റ് മദ്ധ്യസ്ഥരുടെ ആവശ്യകതയില്ല എന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നില്ല. മറിച്ച് മദ്ധ്യസ്ഥത ആവശ്യമുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഏക മദ്ധ്യസ്ഥനായ ക്രിസ്തു തന്നെയാണ് 'മദ്ധ്യസ്ഥത' തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ചത് (യോഹ. 16:23–24; 14:13, 14; 20:22, 23).

ക്രിസ്തുവിന്റെ മദ്ധ്യസ്ഥതാദൗത്യം മനുഷ്യരുടെ മദ്ധ്യസ്ഥതാദൗത്യത്തിൽ നിന്നും വിഭിന്നവും വ്യത്യസ്തവുമാണ്. ക്രിസ്തു സൃഷ്ടിയേയും, സ്രഷ്ടാവിനേയും തമ്മിൽ നിരപ്പാക്കുന്ന നിരപ്പിന്റെ വലിയ ശുശ്രൂഷാദൗത്യമാണ് നിർവ്വഹിച്ചത്. അത് ഒരിക്കലായിട്ടുള്ളതും, ദൈവത്തിന് മാത്രം നിവൃത്തിക്കുവാൻ സാധിക്കുന്നതുമായ ഒന്നാണ്. മനുഷ്യർ ക്രിസ്തുവിന്റെ ആ വലിയ നിരപ്പിന്റെ ശുശ്രൂഷയിൽ അശക്തരും, അനർഹരുമാണ്. ആയതിനാൽ ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതാദൗത്യമല്ല വിശുദ്ധന്മാർ എന്ന് ഗണിക്കപ്പെടുന്ന ദൈവമനുഷ്യർ നിർവ്വഹിക്കുന്നത്. മറിച്ച് ദൈവം തന്നെ തങ്ങളെ ഭരമേല്പിച്ചിട്ടുള്ള മദ്ധ്യസ്ഥതാവരമാണ് അവർ അനുഷ്ഠിക്കുന്നത്.

ക്രിസ്തു ഏക മദ്ധ്യസ്ഥനെന്ന് പഠിപ്പിച്ച പ. പൗലോസ് തന്നെ തനിക്കുവേണ്ടി മദ്ധ്യസ്ഥത അഭ്യർത്ഥിക്കുവാൻ മറ്റുള്ളവരോട് ആവശ്യപ്പെടുന്നുണ്ട് (ഒരുവനുവേണ്ടി മറ്റൊരുവൻ പ്രാർത്ഥിക്കുന്നതാണല്ലോ മദ്ധ്യസ്ഥത) (1 തെസ്സ: 5:25, റോമ: 15:31, 2. തെസ്സ: 3:1, 2; എഫേ: 6:18, കൊലോ. 4:3).

ജഡസംബന്ധമായി ജീവനോടിരിക്കുന്നവർ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നത് ദൈവഹിതപ്രകാരവും, ദൈവാത്മാവിലുമാണെങ്കിൽ, ജഡീകമരണം പ്രാപിച്ചവരും, അപ്രകാരം ചെയ്യുന്നുവെങ്കിൽ അത് യുക്തവും ന്യായവുമാണ്. കാരണം ജഡസംബന്ധമായി മരണം പ്രാപിക്കുന്നവർ സദാ ദൈവ സാമീ

ജഡ സംബന്ധമായ മരണം പ്രാപിച്ചവർ ആത്മാവിൽ സജീവാവസ്ഥയിൽ ദൈവത്തെ രാപകലുകൾ ആരാധിക്കുന്നതായി ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. (വെളി. 7 : 13 - 15, 7 :9)

ദൈവാരാധികളായ വിശ്വാസികൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയില്ല എന്ന് വിചാരിക്കുന്നത് മൗഢ്യമല്ലേ. ശരീരത്തിൽ വസിക്കുമ്പോൾ പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും കഴിവുള്ളവർ ജഢിക മരണ ശേഷവും അത് നിർവ്വഹിക്കയില്ലേ? അപ്രകാരം നിർവ്വഹിക്കുമെന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് (2 കൊരി. 5:9). തന്റെ മരണശേഷവും, വിശ്വാസികൾ സത്യത്തിൽ ഉറച്ചു നില്ക്കുന്നതായി കാണപ്പെടുവാൻ താൻ ഉത്സാഹിക്കുമെന്ന് പത്രോസ് ശ്ലീഹായും നമ്മെ ഓർമ്മിപ്പിക്കുന്നു (2 പത്രോസ് 1:15).

ദൈവഹിത പ്രകാരം ദൈവമനുഷ്യരായി ഈ ലോകത്തിൽ ജീവിക്കുകയും, മരണശേഷം ദൈവത്തോടുകൂടെ വസിക്കുകയും, സദാ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന വിശുദ്ധർ തങ്ങൾക്കുവേണ്ടി പ്രാർത്ഥനയും, യാചനയും നടത്തുമെന്ന വിശ്വാസവും ബോധ്യവുമാണ് വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയ്ക്ക് വിശ്വാസികളെ പ്രേരിപ്പിക്കുന്നത്. ലോകത്തിൽ നീതിമാന്മാരായി ജീവിച്ച്, ജനത്തിനുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുകയും, അവരുടെ മദ്ധ്യസ്ഥതയാൽ ദൈവം ജനത്തോട് കരുണ ചെയ്യുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ നാം വായിക്കുന്നതു (യാക്കോബ് 5:17, 18; ഇയ്യോബ്: 42:8; എബ്രായ 1:12, 22–24, 1 പത്രോസ് 3:12, അ. പ്രവർത്തി 19:11, 12). കൂടാതെ മരണത്തിനല്ലാത്ത പാപം ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, അങ്ങനെ പ്രാർത്ഥിച്ചാൽ ദൈവം അവർക്ക് ജീവനെ കൊടുക്കുമെന്നും ദൈവ വചനം പഠിപ്പിക്കുന്നു (1 യോഹ: 5:16).

വാങ്ങിപ്പോയ പിതാക്കന്മാരുടെ പ്രാർത്ഥന മാത്രമല്ല, അവരുടെ അസ്ഥികൾക്കുപോലും ജീവനെ കൊടുക്കാനുള്ള കഴിവുണ്ടെന്നു 2 രാജാ. 13:20–ൽ നാം വായിക്കുന്നു.

നീതിമാന്മാരും, വിശുദ്ധന്മാരുമായ വാങ്ങിപ്പോയവർ സജീവരും, ദൈവ സന്നിധിയിൽ പ്രാർത്ഥനയിലും , ആരാധനയിലും സംബന്ധിക്കുകയും ദൈവജനത്തോട് കരുതലും, വിശ്വാസികളുടെ കാര്യങ്ങളിൽ തല്പരരും ആകയാൽ അവർ തങ്ങൾക്കായി മദ്ധ്യസ്ഥത അണയ്ക്കുമെന്ന വിശ്വാസം ദൈവജനത്തെ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാൻ പ്രേരിപ്പിക്കുന്നു. കൂടാതെ വാങ്ങിപ്പോയ വിശുദ്ധന്മാരെല്ലാവരും, ദൈവത്താൽ അയക്കപ്പെട്ടവരാണെന്നും, അവരെ ബഹുമാനിക്കുന്നതും, ആദരിക്കുന്നതും, ദൈവത്തെ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും തുല്യമാണെന്നും ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു (മത്തായി 10:40).

വാങ്ങിപ്പോയ വിശുദ്ധന്മാരെ നാം ഏത് തരത്തിൽ സ്വീകരിക്കുന്നുവോ, അതിനനുയോജ്യമായ പ്രതിഫലവും ദൈവം നമുക്ക് വാഗ്ദാനം ചെയ്യുന്നുണ്ട് (മത്തായി 10:41–42).

ആയതിനാൽ വാങ്ങിപ്പോയ, ദൈവത്താൽ അയയ്ക്കപ്പെട്ട വിശുദ്ധരെ സ്മരിക്കുന്നതും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതും അവരുടെ വിശ്വാസം അനുകരിക്കുന്നതും ദൈവീകവും, വേദപുസ്തകാധിഷ്ഠിതവും, ദൈവകല്പനകളുടെ ആചരണവുമാണ്. ദൈവകല്പനകളെ ലംഘിക്കുവാനോ, ചോദ്യം ചെയ്യുവാനോ ഉള്ളവരല്ല നാം, മറിച്ച് ദൈവ കല്പനകളുടെ ആചരണത്തിൽ തീക്ഷ്ണതയുള്ളവരും ദൈവവിശ്വാസത്തിലേയ്ക്ക് വളരുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവിക വിശുദ്ധിയിലേക്ക് ആനയിക്കപ്പെടുവാൻ വാങ്ങിപ്പോയ നീതിമാന്മാരും, പുണ്യവാന്മാരും, വിശുദ്ധരുമായവരുടെ പ്രാർത്ഥനകളും, മദ്ധ്യസ്ഥതകളും നമുക്ക് പ്രചോദനവും സഹായകരവുമാകും എന്നതിന് സംശയമില്ല.

വിശുദ്ധന്മാരുടെ ഗണങ്ങൾ

ഓർത്തഡോക്സ് സഭയിൽ വാങ്ങിപ്പോയ വിശുദ്ധരെ, വിശുദ്ധിയുടെ മാനദണ്ഡത്തിൽ തരംതിരിച്ച്, ഗണിക്കുന്ന രീതി നിലവിലില്ല. എന്നാൽ പൊതുവായി വാങ്ങിപ്പോയ വിശുദ്ധരെ നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യോനേന്മാർ, ഈഹിദായക്കാർ എന്നീ ഗണങ്ങളിൽ പൊതുവേ ഉൾപ്പെടുത്തി ആദരിക്കുന്നു. അത്തരം തരംതിരിക്കലുകൾ അവരുടെ വിശുദ്ധിയുടെ മാനദണ്ഡമനുസരിച്ചല്ല. മറിച്ച് ജീവിതരീതിയുടേയും, ശൈലികളുടേയും പ്രാർത്ഥനാ ജീവിത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ്. വലിയ വിശുദ്ധരെന്നോ, ചെറിയ വിശുദ്ധരെന്നോ ഉള്ള തരംതിരിവ് നമ്മുടെ സഭയിൽ ഇല്ല. എന്നാൽ മേല്പറഞ്ഞ പതിവനുസരിച്ച് വാങ്ങിപ്പോയ. വിശുദ്ധരെ ആദരിക്കുയും, അവരുടെ പെരുന്നാളുകൾ നടത്തുകയും ചെയ്യുന്ന പതിവ് സഭയിലുണ്ട്. പരി. മാതാവിന് പ്രഥമ ഗണനീയമായ സ്ഥാനം വിശുദ്ധരുടെ ഗണത്തിൽ നല്കുന്നുണ്ട് എന്നത് വാസ്തവമാണ് അത് പ: കന്യകമറിയാം ദൈവത്തെ പ്രസവിച്ചവൾ (ദൈവമാതാവ്) എന്ന നിലയിലാണ്. മറ്റെല്ലാ വിശുദ്ധരേയും ഒരേ ഗണത്തിൽ ഉൾപ്പെടുത്തി ആദരിക്കുന്നു.



APOSTLE DIDYMUS

Absolutely Daring Disciple of Incarnated Rejuvenated Messiah!
Preached Heavenly Gospel in Malankara Province of Malabar:
Obeyed His Master's Call and Martyred at Mylapore Mount;
Saint Thomas also came from Palestine Cana in Galilee!

Twin Finger of Juda Thoma , get separated after touching God wounds!
Loudly proclaimed “My LORD AND MY GOD” eighth day of Revival!!
Established foundation of Churches in INDIA and PERSIA;
Didymus encouraged co-disciples "Let us go to die with JESUS"

I am the WAY, the Truth and Life, Christ disclosed to MARTHOMA:
Daring Didymus sought Messiah to show Everlasting Father?
Yielding through Martyrdom of THOMAS, Nazrnani Community:
Marvelous tradition of MARTHOMA, real identity of Malankara!

Urged to see the physical resurrected Jesus's Nailed Hands!!
Saint Apostle, remind us in your Heavenly Intercession Prayers:

- Sabu George, Kadammanitta

Send your articles and news
to the following E-mail
sdofsunday@gmail.com



ശ്ലീഹാ നോമ്പിന്റെ ആത്മീയ പ്രാധാന്യം

Shibu V. Skariah
(Secretary, SDOF Mar Dionysius Indian Orthodox Church, Wellington, New Zealand)

സഭ ആചരിക്കുന്ന വിശുദ്ധ നോമ്പുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ശ്ലീഹാ നോമ്പ്. വിശുദ്ധ പത്രോസും പൗലോസും ഉൾപ്പെടെയുള്ള ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായി ആചരിക്കുന്ന ഈ നോമ്പ്, പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ആത്മപരിശോധനയുടെയും കാലഘട്ടമാണ്.

യേശുക്രിസ്തുവിന്റെ സുവിശേഷം ലോകമെമ്പാടും അറിയിക്കുന്നതിനായി സ്വന്തം ജീവിതം സമർപ്പിച്ചവരാണ് ശ്ലീഹന്മാർ. അവരുടെ വിശ്വാസവും ത്യാഗവും സേവന മനോഭാവവും നമ്മുടെ ജീവിതത്തിന് മാതൃകയാണ്. ശ്ലീഹാ നോമ്പ് നമ്മെ അവരുടെ ജീവിതം ധ്യാനിക്കാനും അവരുടെ വിശ്വാസത്തെ അനുകരിക്കാനും പ്രേരിപ്പിക്കുന്നു.

നോമ്പ് ഭക്ഷണനിയന്ത്രണത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ദൈവത്തോട് കൂടുതൽ അടുക്കുവാനും, പാപങ്ങളിൽ നിന്ന് അകന്നുനിൽക്കുവാനും, പ്രാർത്ഥനയിലും സ്നേഹപ്രവർത്തികളിലും വളരുവാനുമുള്ള ആത്മീയ പരിശീലനമാണ് നോമ്പ്. ഈ കാലയളവിൽ ദൈവവചനം വായിക്കുകയും, കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുകയും, മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുന്നത് നോമ്പിന്റെ യഥാർത്ഥ ആത്മാവിനെ ശക്തിപ്പെടുത്തുന്നു.

ശ്ലീഹന്മാരുടെ മദ്ധ്യസ്ഥ പ്രാർത്ഥനകളാൽ ഈ വിശുദ്ധ നോമ്പുകാലം നമ്മുടെ വിശ്വാസത്തെ ദൃഢമാക്കുകയും, ക്രിസ്തുവിനോടുള്ള സമർപ്പണം വർധിപ്പിക്കുകയും ചെയ്യുന്ന അനുഗ്രഹീത ദിനങ്ങളാകട്ടെ.

SDOF കൊല്ലം ഭദ്രാസനത്തിൽ പുത്തൂർ ഗ്രൂപ്പിന്റെ യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ് പുത്തൂർ സെന്റ് ജോർജ് വലിയപള്ളിയിൽ വച്ച് പുത്തൂർ ഗ്രൂപ്പ് പ്രസിഡൻറ് ഫാ. തോമസുകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടി.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

– പ. പരുമല തിരുമേനി

SDOF കോട്ടയം ഭദ്രാസനത്തിന്റെ 2025-26 വർഷത്തെ പ്രവർത്തന മാർഗരേഖ 'ദിശ' ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ SDOF Sunday ചീഫ് എഡിറ്റർ രാജ് ഫിലിപ്പ്, കോട്ടയം ഭദ്രാസന ട്രഷറാർ ജിബു എന്നിവർക്ക് നൽകി പ്രകാശനം ചെയ്യുന്നു. കേന്ദ്ര കമ്മിറ്റി അംഗം ബിൻസി ജെയിംസ്, കോട്ടയം ഭദ്രാസന സെക്രട്ടറി ഷിജോ എം. കുരുവിള, ഫാ. എ. വി. വർഗീസ്, ഫാ. കെ. സി. ഫീലിപ്പോസ്, ഫാ. എബ്രഹാം മാത്യു, ഫാ. സക്കറിയ ജോർജ് എന്നിവർ സമീപം.

മാവേലിക്കര പെരിങ്ങിലിപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ SDOF & SJOF യൂണിറ്റുകളുടെ ഉദ്ഘാടനം SDOF കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ നിർവഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മിറ്റി അംഗവും ഇടവക വികാരിയുമായ ഫാ. ജോസഫ് ശമുവേൽ ഏവൂർ അദ്ധ്യക്ഷത വഹിച്ചു. ഇടവക ട്രസ്റ്റി കെ. സാബു, സെക്രട്ടറി എബ്രഹാം ജോൺ, കമ്മിറ്റിയംഗം ജോർജ് മുളവന സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ് ലില്ലികുട്ടി ജോൺ, SDOF സെക്രട്ടറി ജെൻസി ബിനു, SJOF സെക്രട്ടറി ഷാജി എം. കൊച്ചുമ്മൻ തുടങ്ങിയവർ സമീപം.

സെന്റ് ഡയനിഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റ ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ യൂണിറ്റിന്റെ 2026-27 വർഷത്തെ പ്രവർത്തന ഉദ്ഘാടനം ഓതറ ദയറാ സുപ്പീരിയർ അപ്രേം റമ്പാൻ നിർവ്വഹിച്ചു. ഇടവക വികാരി ഫാ. മത്തായി സഖറിയാ അദ്ധ്യക്ഷത വഹിച്ചു. SDOF ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് സെക്രട്ടറി മനു റ്റി. തോമസ്, ഇടവക ട്രസ്റ്റി ഐസക്ക് തോമസ് സെക്രട്ടറി കുര്യൻ പി മാമ്മൻ, യൂണിറ്റ് ജനറൽ സെക്രട്ടറി ജോർജ് വി. ഐസക്ക്, യൂണിറ്റ് ട്രഷറർ സുനിൽ തോമസ്, യൂണിറ്റ് വൈസ് പ്രസിഡന്റ് ഡോ. ബിജു ഇ. തോമസ്, യൂണിറ്റ് ജോ. സെക്രട്ടറി ആനി സാം എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ചാരെ പദ്ധതിക്ക് ഒരു കൈത്താങ്ങൽ എന്ന പദ്ധതിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് യോദ്ദാൻപുരം മാർ ഗ്രീഗോറിയോസ് യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഫാ. റിനോ കെ. മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 2026-27 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭദ്രാസന കമ്മിറ്റിയെ പ്രതിനിധീകരിച്ച് ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് സെക്രട്ടറി മനു റ്റി. തോമസ്, പന്തളം ഡിസ്ട്രിക്റ്റ് സെക്രട്ടറി മോളി ജോർജ് എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

തിരുവനന്തപുരം ഭദ്രാസനം, ആയൂർ മണ്ഡലത്തിന്റെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പിന്റെ ആദ്യത്തെ യോഗം തിരുമംഗലം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദൈവാലയത്തിൽ വെച്ച് നടന്നു. തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി ഫാ. ഗീവർഗ്ഗീസ് കണിയാന്ത്രയും, SDOF ന്റെ ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. പ്രകാശ് തോമസും യോഗത്തിൽ പങ്കെടുത്തു. ആയൂർ മണ്ഡലം SDOF ന്റെ ഉപാദ്ധ്യക്ഷൻ ഫാ. ഡാനിയൽ അലക്സാണ്ടർ അദ്ധ്യക്ഷത വഹിച്ചു. 'നമുക്ക് കാവലാളാകാം: സഭയുടെയും തലമുറകളുടെയും' എന്ന വിഷയത്തെ ആസ്പദമാക്കി ബിനു കെ. സാം ക്ലാസെടുത്തു.

തിരുവനന്തപുരം ഭദ്രാസനത്തിലെ വട്ടിയൂർകാവ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിലെ SDOF യൂണിറ്റ് ഉദ്ഘാടനം ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ഗീവർഗ്ഗീസ് കണിയാന്ത്ര നിർവഹിച്ചു. ഇടവക വികാരിയും തിരുവനന്തപുരം ഭദ്രാസന SDOF വൈസ് പ്രസിഡന്റുമായ ഫാ. പ്രകാശ്. കെ. തോമസ് ആദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന SDOF സെക്രെട്ടറി സുബോധ് ജോർജ്ജ്, ഭദ്രാസന SDOF ജോയിന്റ് സെക്രട്ടറി ടിൻസി ആനി മാത്യു, SDOF തിരുവനന്തപുരം ഭദ്രാസന ഡിസ്ട്രിക്ട് സെക്രട്ടറി അരുൺ ജോർജ്ജ്, കോ ഓർഡിനേറ്റർ ഷീജ മേരി. സി. ജേക്കബ്, യൂണിറ്റ് ഭാരവാഹികളായ ഡോ. പോൾ. ജി. പണിക്കർ, ശ്രീ. വിനു. ടി. മാത്യു, ദിലീപ് കുരുവിള, ഇ. എസ്. മത്തായി എന്നിവർ പ്രസംഗിച്ചു.

പുസ്തകം

കാലം ആവശ്യപ്പെടുന്ന ചരിത്രത്തിന്റെ ഒരു പുനർവായന

ഡെറിൻ രാജു



മറ്റുള്ള അനവധിയാളുകളെ പോലെ കാലത്തിന്റെ കുത്തൊഴുക്കിൽ മറന്നുപോയ ഒരു പിതാവാണ് കൊച്ചി മെത്രാസനത്തിന്റെ ആദ്യ ഇടയനായ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസിയോസ്. ഔദ്യോഗിക ചരിത്ര നിർമ്മാണത്തിന്റെ രീതിശാസ്ത്രങ്ങളിൽ ഒഴിവാക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തുപോയ ആ പിതാവിന്റെ ജീവിതത്തെയും സംഭാവനകളെയും ലഭ്യമായ വിവരങ്ങൾ കോർത്തെടുത്ത് പൂരിപ്പിക്കുവാൻ ശ്രമിക്കുകയാണ് എന്റെ ആത്മ സുഹൃത്തും യുവ ചരിത്രഗവേഷകനുമായ പ്രിയപ്പെട്ട റ്റിബിൻ ചാക്കോ തേവർവേലിൽ, *കർമ്മധീരൻ: ഒരു ഇടയന്റെ ജീവിതം (ശെമവൂൻ മാർ ദീവന്നാസിയോസ്: ജീവിതരേഖകൾ)* എന്ന ഈ പുസ്തകത്തിലൂടെ. ഹ്രസ്വമെങ്കിലും ആമുഖ ജീവചരിത്രത്തിലൂടെ റ്റിബിൻ ശെമവൂൻ മാർ ദീവന്നാസിയോസിന്റെ ജീവിതത്തെ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തിയ സമയം മുതൽ അദ്ദേഹത്തിന്റെ ഒപ്പം ശെമവൂൻ കോറിയെയും ചരിത്രത്തിൽ കാണുന്നു. ആ സംഭവവികാസങ്ങളെ ശെമവൂൻ മാർ ദീവന്നാസിയോസ് രചിച്ച *കണ്ടനാട് ഗ്രന്ഥവരി*യെ തന്നെ മുൻനിർത്തി റ്റിബിൻ രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായി പറയാവുന്നതും *കണ്ടനാട് ഗ്രന്ഥവരി* യെന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ നാളാഗമം തന്നെയാണല്ലോ. ഒമ്പതു വർഷത്തോളം മെത്രാപ്പോലീത്തായായിരുന്നിട്ടും അദ്ദേഹം മൂന്ന് പട്ടംകൊടകൾ മാത്രമേ നിർവഹിച്ചിട്ടുള്ളു എന്ന കണ്ടെത്തൽ തീർച്ചയായും കൂടുതൽ ഗവേഷണം ആവശ്യപ്പെടുന്ന വിഷയം തന്നെയാണ്. സമുദായത്തിലെ വിഭാഗീയതയാണോ അതിനു പിന്നിലെ കാരണമെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ഈ ആമുഖ ജീവചരിത്രത്തിനു ശേഷം നിരവധി പഠനങ്ങളാണ് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. റീശ് കോർ-എപ്പിസ്കോപ്പാ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന്റെ ലേഖനം ചില പരമ്പരാഗത കാഴ്ചപ്പാടുകളെ ചോദ്യം ചെയ്യുന്നതാണ്. കൊച്ചി മെത്രാസനത്തിലേക്ക് അദ്ദേഹം സ്വീകരിക്കപ്പെട്ടില്ലായെന്ന ചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് ഉൾപ്പെടെയുള്ളവരുടെ അഭിപ്രായത്തെ അദ്ദേഹം ഖണ്ഡിക്കുന്നുണ്ട്. രണ്ട് ദീവന്നാസിയോസുമാർ (പുലിക്കോട്ടിൽ മാർ ദീവന്നാസിയോസും ശെമവൂൻ മാർ ദീവന്നാസിയോസും) തമ്മിൽ നിലനിന്നിരുന്ന ശീതസമരത്തിന്റെ കാരണങ്ങൾ കണ്ടെത്താനും അദ്ദേഹം ശ്രമിക്കുന്നുണ്ട്.

ചരിത്രം പലപ്പോഴും ഏകപക്ഷീയമാണ്. ഒരു ഓട്ടമത്സരത്തിൽ ഒന്നാമത് എത്തിയവർ ആഘോഷിക്കപ്പെടുമ്പോൾ കൂടെ ഓടിയവർ മിക്കപ്പോഴും വിസ്മൃതിയിലാവുകയാണ് പതിവ്. സഭാചരിത്രത്തിലും വ്യത്യാസമില്ല. ഔദ്യോഗിക ചരിത്രനിർമ്മിതികൾക്കിടയിൽ മുഖം നഷ്ടപ്പെട്ടു പോകുന്ന, ശരിയായി വിലയിരുത്തപ്പെടാതെ പോകുന്ന അനവധി ആളുകൾ ഉണ്ട്. അങ്ങനെ വിസ്മരിക്കപ്പെട്ടു പോയ ഒരാളെ കണ്ടെത്തി, അദ്ദേഹത്തിന്റെ ജീവിതത്തെയും സംഭാവനകളെയും വിലയിരുത്താനുള്ള ഒരു ശ്രമമാണ് ശ്രീ. റ്റിബിൻ ചാക്കോ ഈ പുസ്തകത്തിലൂടെ നടത്തുന്നത്. അതിനായി അദ്ദേഹം എടുത്ത പ്രയത്നത്തെ തീർച്ചയായും അഭിനന്ദിക്കേണ്ടതുണ്ട്. ശെമവൂൻ മാർ ദീവന്നാസിയോസിന്റെ ജീവചരിത്രത്തിനൊപ്പം, കൊച്ചി മെത്രാസനത്തിന്റെ ഒരു ആരംഭചരിത്രം കൂടി ഈ പുസ്തകത്തിൽ നമുക്ക് കണ്ടെത്താൻ സാധിക്കും. ഇപ്രകാരമൊരു പുസ്തകം അനുവാചകലോകത്തേക്ക് അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പലയിടങ്ങളിലായി കിടക്കുന്ന രേഖകളും പല കാലങ്ങളിൽ എഴുതപ്പെട്ട ലേഖനങ്ങളും കണ്ടെത്തി ഒരു പുസ്തകത്തിൽ അവതരിപ്പിക്കുവാൻ റ്റിബിനു സാധിച്ചിരിക്കുന്നു.

കർമ്മധീരൻ: ഒരു ഇടയന്റെ ജീവിതം
(ശെമവൂൻ മാർ ദീവന്നാസ്യോസ്: ജീവിതരേഖകൾ)

റ്റിബിൻ ചാക്കോ തേവർവേലിൽ

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം

വില: 125 രൂപ

കഥ

ഇമ്മടെ ജോർജേട്ടന്റെ പൂരം

മനു ജോർജ്ജ് ജേക്കബ്

(SDOF സെക്രട്ടറി, മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി, അങ്കമാലി)

ജൂൺ 2026: ഈ സംഭവവും കഥയുടെ ആശയം രൂപപ്പെട്ടിട്ടും എഴുത്ത് തുടങ്ങിയിട്ടും ഏകദേശം 2 വർഷം ആകാൻ പോകുന്നുവെങ്കിലും എഴുതാൻ മടിയുള്ള എനിക്ക് ഇത് തീർക്കാൻ പ്രചോദനം നല്കിയത് 2 വർഷം കഴിഞ്ഞിട്ടും താമസം തുടങ്ങിയിട്ടും, വീടിന്റെ പണി തീർത്തു തരാത്ത എന്റെ കോണ്ട്രാക്റ്ററിനോടാണ്. കടപ്പാട്!

നിങ്ങളിൽ തെറ്റ് ചെയ്യാത്തവർ ആരെങ്കിലുമുണ്ടോ എന്ന കർത്താവിന്റെ ചോദ്യം... ഇപ്പോഴായിരുന്നുവെങ്കിൽ ഉവ്വ് കർത്താവേ എന്ന് നിസ്സംശയം പറയാൻ പറ്റും. എനിക്ക് 15 മിനിറ്റ് നേരത്തെ പരിചയം മാത്രമേ ഉള്ളുവെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കാഴ്ചപ്പാടുകൾ പല ഭാവങ്ങളായി മനസ്സിൽ പതിഞ്ഞിരുന്നു. അതാണ് ജോർജേട്ടൻ.

ഓഗസ്റ്റ് 2024: വീടുപണിയുടെ ആവശ്യത്തിനായി സ്റ്റീൽ ഡോറുകൾ അന്വേഷിച്ചിറങ്ങിയതാണ്. ഒരു വലിയ കടയിൽ കയറി, കാര്യങ്ങളെല്ലാം അന്വേഷിച്ച് കൊട്ടേഷനും മേടിച്ച് പൂർണ്ണ തൃപ്തനായി ഇറങ്ങി. കാറോടിച്ച് വീട്ടിലേക്ക് പോകും വഴി വേറൊരു സ്റ്റീൽ ഡോറിന്റെ പരസ്യ ബോർഡ് ശ്രദ്ധയിൽപ്പെട്ടു. എങ്ങാനും ഇവിടെ വില കുറവാണെങ്കിലോ? മനസ്സ് ഉള്ളിൽ ചരട് വലിച്ചു. ശരീരം ബ്രേക്ക് ഇടുപ്പിച്ചു.. പുറകിൽ ഉണ്ടായിരുന്ന വാഹനങ്ങളിൽ, ആരൊക്കെയോ ആംഗ്യഭാഷയിൽ സ്നേഹത്തോടെ എന്തൊക്കെയോ പറയുന്നത്. കാർ സൈഡിലോട്ട് നിർത്തുമ്പോൾ കാണാമായിരുന്നു. അങ്ങനെ വളരെ യാദൃശ്ചികമായി ഞാൻ ആ കടയിലേക്ക് ചെന്നു.

ആദ്യത്തെ കടയിൽ തൊഴിലാളി ആയിരുന്നുവെങ്കിൽ ഈ കടയിൽ മുതലാളിയാണ് എന്നത് അദ്ദേഹത്തിന്റെ വാക്കുകളിലും തന്റെ ഉൽപ്പന്നങ്ങളെ പറ്റിയുള്ള പ്രൗഢിയിലും വെളിവായിരുന്നു. കോട്ടയം അയ്യപ്പാസ് കടയുടെ പരസ്യം പറയുന്നതുപോലെ ആയിരുന്നു ഉള്ളിലേക്ക് കയറിയാൽ വിശാലമായ ഗോഡൗൺ. ഗോഡൗണിൽ നിന്ന് തിരികെ വരുന്ന വഴി എന്റെ കാര്യങ്ങളൊക്കെ ചോദിച്ചു തുടങ്ങി. ഞാനിപ്പോൾ മേടിച്ച സ്ഥലം അദ്ദേഹത്തിന് മനസ്സിലായി. 'എനിക്കറിയാം ആ കുഴിയിലോട്ട് ഇറങ്ങി ഇരിക്കുന്ന സ്ഥലമല്ലേ, പാടത്ത് അവസാനിക്കുന്നത്' അതെ ആ റോഡ് ഒരു ചെരുവിലാണെന്നതും അവസാനിക്കുന്നത് ഒരു പാടത്തേക്കാണ് എന്നതിനപ്പുറം ഒരുപാടു നല്ല കാര്യങ്ങൾ ഉണ്ടായിരുന്നു ഇഷ്ടപ്പെടാൻ. ഞാൻ അമർഷം ഒരു ചെറിയ ചിരിയിൽ ഒതുക്കി. "അവിടെ തന്നെ താമസിക്കുന്ന ഒരു തോമസിനെ അറിയുമോ?" എന്റെ കടയിൽ പലവട്ടം വന്നു കൊട്ടേഷൻ എടുത്തു പിന്നെ ബജറ്റ് ഇല്ലായെന്ന് പറഞ്ഞു വലിഞ്ഞു. എന്റെ സമയം കുറെ വേസ്റ്റ് ആയത് മെച്ചം! ജോർജേട്ടന്റെ അമർഷവും പുറത്തുവന്നു.. ഞാൻ ഇവിടെ നിന്ന് എടുത്തില്ലെങ്കിലും ഇത് പോലെ തന്നെ എന്റെ പരിചയക്കാരോടും പറയുമായിരിക്കും എന്നു ഞാൻ വെറുതെ ചിന്തിച്ചു.

ഒരു എൻജിനീയറിങ് കോളജിന്റെ അകത്താണ് എന്റെ ഓഫീസ് എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വീട് അതിന്റെ തൊട്ടടുത്താണെന്നും അവിടെ ഇഷ്ടം പോലെ നല്ല പ്ലോട്ടുകൾ എടുത്തു തരായിരുന്നുവെല്ലോ എന്നായി. ഞാനും കട്ടക്ക് നിന്നു. "അവിടെ പ്ലോട്ട് എടുക്കാൻ ആയിരുന്നു എങ്കിൽ എനിക്ക് ഒരുപാട് ആൾക്കാർ ഉണ്ടായിരുന്നു.. കോളേജിൽ ഉണ്ടായിരുന്ന തോമാ ചേട്ടൻ മതിയല്ലോ, അറിയോ?' ഞാൻ ചോദിച്ചു.. "പിന്നെ പുള്ളി ചുമ്മാ നാവുകൊണ്ട് മാത്രം ജീവിക്കുന്ന ആളല്ലേ. പുച്ഛിക്കാൻ കിട്ടിയ അവസരം ജോർജ്ഏട്ടൻ അപ്പാടെ മുതലാക്കി.. "പുള്ളിക്ക് പകരം ഇപ്പം കേറിയ സുമേഷിനെ അറിയുമോ? തോമായ്ക്കിട്ട് പാര പണിത് അഡ്മിനെ സോപ്പിട്ട് കേറിയതാ.' ഈ സീനിൽ ഒന്നുമില്ലാത്ത സുമേഷിനും കിട്ടി വെറുതെ ഒരു പുച്ഛഹാരം.. ഇതൊക്കെ കേട്ടു സമയം കളയുന്ന എന്നെ ഞാൻ തന്നെ ഒന്നു പുച്ഛിച്ചു..

'കോളേജിലെ ഒരു മധു സാറിനെയും ഭാര്യയെയും അറിയാമോ?' പിന്നെയും ജോർജേട്ടന്റെ ചോദ്യം. 'അവരുടെ വീട് പണിക്കുള്ള സാധനങ്ങൾ എന്റെ കടയിൽ നിന്നാണ് എടുത്തത്. പിന്നെ സർ എന്റെ മകൾക്ക് വേണ്ടി ഒരു ടീച്ചറിനെ കമ്പ്യൂട്ടർ ട്യൂഷനായിട്ട് അറേഞ്ച് ചെയ്ത് സഹായിച്ചിരുന്നു'. ആദ്യമായി നല്ലത് എന്തെങ്കിലും പറയാൻ പോകുന്നുവെന്ന് തോന്നിയ ഒരു നിമിഷം. അതിന് 5 നിമിഷത്തിന്റെ ആയുസ്സ് പോലും ആകും മുമ്പ് അദ്ദേഹം തുടർന്നു.. "പക്ഷേ ആ ടീച്ചർ അത്ര പോരായിരുന്നു. അവർക്ക് പഠിപ്പിക്കാൻ അറിയില്ല. പിന്നെ വേറെ ഒരു ടീച്ചറിനെ അറേഞ്ച് ചെയ്തെങ്കിലും ശരിയായില്ല."

പിന്നെയും ഒന്ന് രണ്ടുപേരയും കൂടി കുറ്റം പറഞ്ഞെങ്കിലും ഇവിടെ ചേർക്കുന്നില്ല. അപ്പോഴാണ് തൊട്ടപ്പുറത്ത് റബർ മോൾഡിങ് എന്നു ഒരു കടയുടെ ബോർഡ് കണ്ടത്. കട തുറന്നിട്ടില്ല. എനിക്ക് ഓഫീസിലെ പ്രൊജെക്റ്റിന്റെ ആവശ്യത്തിനായി റബർ പാർട്ട്സ് ആവശ്യം ഉണ്ടായിരുന്നു.. "ഈ കട തുറക്കാറില്ലേ? മോൾഡിങ് ചെയ്യുന്ന കമ്പനികളെ നോക്കി നടക്കുവാരുന്നു" ഞാൻ ചോദിച്ചു. "നിങ്ങൾ ഉദ്ദേശിക്കുന്ന ക്വാളിറ്റി ഉള്ള സാധനങ്ങൾ ഇവിടെ ഉണ്ടാവില്ല. എന്റെ അനിയൻ ഉണ്ട് അവന് റബർ പാർട്ട്സ് മാന്യുഫാക്ചറിങ് യൂണിറ്റ് കളമശ്ശേരിയിൽ ഉണ്ട്. നന്നായിട്ട് പ്രവർത്തിക്കുന്നു. ഡിഫൻസിന് ഒക്കെ നിർമിച്ചു കൊടുക്കുന്നുണ്ട്.." അതിശയം ആദ്യമായിട്ടു ഒരാളെ കുറിച്ച് നല്ലത് കേട്ടതിന്റെ നിർവൃതിയിൽ ഞാൻ ജോർജേട്ടന് ടാറ്റാ പറഞ്ഞു പടിയിറങ്ങി. എന്തായാലും ഈ കടയിൽ നിന്നു എടുക്കണ്ട എന്നു തീരുമാനം ആയി!

സ്വന്തം ചോരയിലുള്ള ഒരാളെ കുറിച്ച് മാത്രമാണ് ഇത്രയും നേരം കൊണ്ട് ഒരു നല്ല വാക്കു കേൾക്കാൻ പറ്റിയത്. ജോർജേട്ടനെപോലെ കുറ്റം പറയാൻ മാത്രം വാ തുറക്കാതെ, വല്ലപ്പോഴുമൊക്കെ മറ്റുള്ളവരെ കുറിച്ച് നല്ലത് ഒക്കെ ഒന്ന് പറയുന്നെ ഒരു പ്രയോജനവും ഇല്ലാത്ത സത്യങ്ങൾ പറഞ്ഞ് മറ്റുള്ളവരെ വെറുപ്പിക്കണോ?? ❑

അരുവാപ്പുലം സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോസ് ഫെല്ലോഷിപ്പിന്റെ പ്രവർത്തന ഉദ്ഘാടനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം നിർവഹിക്കുന്നു. ഡെന്നി ചാക്കോ, ഭദ്രാസന ജനറൽ സെക്രട്ടറി ബിജു എബ്രഹാം കൂടൽ, ഫാ. മാത്യു പി. ദാനിയേൽ പുളിവേലിൽ ടോം പി. ജോർജ്, വർഗീസ് ജോർജ്, ബിൻസി ജിനു, സുജ ലാൽ എന്നിവർ സമീപം.

എസ്.ഡി.ഒ.എഫ്. തൃക്കുന്നത്ത് സെമിനാരി ചാപ്പൽ യൂണിറ്റിന്റെ പ്രതിവാര യോഗം നടന്നു. മുഖ്യപ്രഭാഷണം എസ്.ഡി.ഒ.എഫ്. കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ നിർവഹിച്ചു. 2026-27 പ്രവർത്തനപദ്ധതിക്കായുള്ള കേന്ദ്ര മാർഗനിർദേശങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം സംഘടനയുടെ ദർശനവും പ്രവർത്തനദിശയും വിശദീകരിച്ചു. ഇടവക വികാരി എ. വി. മാത്യൂസ് കോർഎപ്പിസ്കോപ്പായുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സഹവികാരി ഫാ. ലവിൻ ജോർജ് സന്നിഹിതനായിരുന്നു. പ്രാദേശിക സെക്രട്ടറി ഡോ. ഉമ്മൻ കെ. മാത്യു പ്രസംഗിച്ചു.

ഓസ്ട്രേലിയ മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് തീർത്ഥാടന ദേവാലയത്തിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പും സെന്റ് ജോസഫ്സ് ഓർത്തഡോക്സ് ഫെലോഷിപ്പും സംയുക്തമായി സംഘടിപ്പിച്ച കുടുംബ സംഗമം നടത്തപ്പെട്ടു. കുടുംബ സംഗമത്തിന് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ മുൻ പ്രൊഫസർ ഡോ. വത്സമ്മ എം. സാമുവൽ നേതൃത്വം നൽകി.

ഇരതോട് വീയപുരം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ SDOF ന്റെ യൂണിറ്റിന് തുടക്കം കുറിച്ചു. ഇടവക വികാരി ഫാ. ജെയിൻ സി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ SDOF നിരണം ഭദ്രാസന സെക്രട്ടറി സതീഷ് തോമസ് മലയിൽ സംഘടനയുടെ ലക്ഷ്യത്തെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും വിശദീകരിച്ചു. SDOF ചെന്നിത്തല ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ അനൂപ് തെന്നടിയിൽ ആശംസ അർപ്പിച്ചു. യൂണിറ്റ് സെക്രട്ടറിയായി അലക്സാണ്ടർ പി. ജോർജിനേയും ട്രഷറാറായി ഷീജ ചാക്കോയെയും തെരഞ്ഞെടുത്തു. ഇടവക സെക്രട്ടറി ചാക്കോ ബേബി യോഗത്തിന് നന്ദി രേഖപ്പെടുത്തി. യോഗത്തിൽ 35 അംഗങ്ങൾ പങ്കെടുത്തു.

തോട്ടുപുറം സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു. യൂണിറ്റ് സെക്രട്ടറി ജോബിൻ തോമസ്, ഇടവക സെക്രട്ടറി സാജൻ കെ. ജോർജ്, വൈസ് പ്രസിഡൻറ് ജോൺ ജോർജ്, ഇടവക ട്രസ്റ്റി ജോർജ് മാത്തുക്കുട്ടി, ഇടവക വികാരി ഫാ. ബിനു തോമസ് യോഹന്നാൻ യൂണിറ്റ് സെക്രട്ടറി സ്മിത അന്നമ്മ ഏബ്രഹാം, ട്രഷറാർ ഷേർലി സ്കറിയ എന്നിവർ സമീപം.

പരിസ്ഥിതി ദിനാചരണങ്ങളുടെ ഭാഗമായി, നമുക്ക് പണ്ടെങ്ങോ നഷ്ടമായ കൃഷി സംസ്കാരവും നല്ല ആരോഗ്യശീലങ്ങളും വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ, ഇടവകയിലെ എല്ലാ കുടുംബങ്ങളെയും പച്ചക്കറി കൃഷിയിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി തോട്ടയ്ക്കാട് മാർ അപ്രേം സെന്റ് ഡയനീഷ്യസ് ഫെല്ലോഷിപ്പ് പ്രവർത്തകർ SEED (Sustaining Ecology through Earth Development) എന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2026 ജൂൺ 21-നു ദേവാലയത്തിൽ വെച്ച് ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. ഈ വിത്തുകൾ ഉപയോഗിച്ച് വീട്ടിൽ പച്ചക്കറി കൃഷി നടത്തുന്നവർക്കായി പ്രത്യേക മത്സരവും സംഘടിപ്പിക്കുന്നു. മത്സരത്തിൽ വിജയിക്കുന്ന വ്യക്തിക്ക് 1001 രൂപയുടെ സമ്മാനം ലഭിക്കുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
സെന്റ് ഡയനീഷ്യസ്
ഓർത്തഡോക്സ് ഫെല്ലോഷിപ്പ് (SDOF)
പരി. പൗലോസ് ദ്വിതീയൻ ബാവയുടെ
ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്
നിത്യസ്മൃതി
ഉദ്ഘാടനം
അധ്യക്ഷൻ
മുഖ്യസന്ദേശം
പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ
അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത
(നിലയ്ക്കൽ ഭദ്രാസനാധിപൻ)
അഭി. ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത
(SDOF കേന്ദ്ര പ്രസിഡന്റ്)
അഡ്വ. അബിൻ വർക്കി
(എം.എൽ.എ)
അനുസ്മരണ പ്രഭാഷണം
ആശംസാ സന്ദേശങ്ങൾ
അഡ്വ. ബിജു ഉമ്മൻ
(അസോസിയേഷൻ സെക്രട്ടറി)
ഫാ. തോമസ് വർഗ്ഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)
ശ്രീ. റോണി വർഗ്ഗീസ് ഏബ്രഹാം
(അൽമായ ട്രസ്റ്റി)
2026 ജൂലൈ 5, ഞായർ 2 മണി മുതൽ
കോട്ടയം ദേവലോകം അരമന ഓഡിറ്റോറിയത്തിൽ
ക്ഷണക്കത്ത്
പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ 5-ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് നടത്തപ്പെടുന്ന നിത്യസ്മൃതി സമ്മേളനത്തിലേക്ക് ഏവരേയും
സ്നേഹപൂർവ്വം ക്ഷണിക്കുന്നു
SDOFന് വേണ്ടി
ഫാ. ബിജു ടി മാത്യു പുത്തൻകാവ്
(കേന്ദ്ര വൈസ് പ്രസിഡന്റ്)
ഷിബു കെ എബ്രഹാം
(കേന്ദ്ര ജനറൽ സെക്രട്ടറി)
അഡ്വ. ഉമ്മൻ ജോൺ
(കേന്ദ്ര ട്രഷറാർ)
ബോബിൻ മർക്കോസ്
(സോണൽ സെക്രട്ടറി)